**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2842** **13.07.2015 ൽ മറുപടിയ്ക്ക്**

## ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.കെ.അച്ചുതൻ**<br>**ശ്രീ.പി.സി.വിഷ്ണുനാഥ്**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br><br>(ബി) നിലവിലുള്ള ഫയലിംഗ് സംവിധാനത്തിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് പുതിയ സംവിധാനം മുഖേന ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ; | (എ)യും (ബി)യും | സെക്രട്ടേറിയറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഐ.റ്റി., ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്നീ വകുപ്പുകളിൽ DDFS സംവിധാനം നടപ്പിലാക്കിയിരുന്നു. എന്നാൽ എൻ.ഐ.സി വികസിപ്പിച്ച ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതോടെ DDFS ഘട്ടം ഘട്ടമായി നിർത്തലാക്കി വരികയാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ചില സെക്ഷനുകളിൽ മാത്രമാണ് ഇപ്പോൾ DDFS നിലവിലുള്ളത്. ഈ വർഷം തന്നെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സമ്പ്രദായം നിലവിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | കെൽട്രോണിന്റെ സഹായത്തോടെയാണ് DDFS സംവിധാനം നടപ്പിലാക്കിയിരുന്നത്. |

**സെക്ഷൻ ഓഫീസർ**